പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1803 10.02.2020 -ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ശമ്പളവിതരണത്തിൽ വിവേചനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ആരോഗ്യമുള്ള ലൈൻ ഡ്യൂട്ടി നോക്കുന്നവരുടെ ശമ്പളം 2019 ഡിസംബർ വരെയുള്ളത് കൃത്യമായി കൊടുത്ത് തീർത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഈ ജോലി നോക്കുന്ന ആരോഗ്യപ്രശ്നങ്ങളുള്ളവർക്ക് ഡ്യൂട്ടി നോക്കിയ ചുരുങ്ങിയ ദിവസത്തെ ശമ്പളം നൽകാതെ നീട്ടിക്കൊണ്ട് പോകുന്നത്; കാരണം വ്യക്തമാക്കുമോ; | (എ) യും<br>(ബി) യും<br>(സി) യും<br>(ഡി) യും | കെ.എസ്.ആർ.ടി.സി.യിൽ 2019 ഡിസംബർ മാസം വരെയുള്ള ശമ്പളം കുടിശ്ശികയില്ലാതെ നൽകിക്കഴിഞ്ഞു. വിവിധ കാരണങ്ങളാൽ സപ്ലിമെന്ററി സാലറി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുടെ 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി ശമ്പളം നൽകുവാൻ കുടിശ്ശികയുണ്ട്. ഓരോ മാസവും മെയിൻ സാലറിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വേതനം മുടക്കം കൂടാതെ കൃത്യമായി നൽകിവരുന്നു. എന്നാൽ ഡ്യൂട്ടി കുറവുള്ളതും ലീവ് പാസാക്കാൻ താമസിച്ചിട്ടുള്ളതുമായവരുടെയും ശമ്പളം സപ്ലിമെന്ററി സാലറി ആയിട്ടാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ സപ്ലിമെന്ററി സാലറിയായ ശമ്പളം 2/2018 വരെ നൽകികഴിഞ്ഞു. ഇതിൽ ആരോഗ്യപ്രശ്നങ്ങളുള്ളവരുടെ ശമ്പളത്തിൽ കോർപ്പറേഷൻ വിവേചനം കാണിക്കാറില്ല. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് 2018 മാർച്ച് മുതലുള്ള സപ്ലിമെന്ററി സാലറി തുക വിതരണം ചെയ്യാൻ സാധിക്കാത്തത്. കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടി കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്. |
| (ബി) | കെഎസ്.ആർ.ടി.സി.യെ ലാഭത്തിലാക്കിയതിനു ശേഷമാണോ ശമ്പള തുക നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഇതിനുള്ള കാരണം അറിയിക്കുമോ; | | |
| (സി) | പ്രസ്തുത ആളുകളുടെ പ്രതിമാസ ശമ്പളത്തുക കുടിശ്ശികയുള്ളത് നൽകാതെ നീട്ടിക്കൊണ്ട് പോകുന്നത് ഏത് കാരണമായാലും നീതിയല്ലാത്തതിനാൽ ഉടൻ പ്രാബല്യത്തിൽ വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | | |
| (ഡി) | മേലിൽ പൂർണ്ണ ഡ്യൂട്ടി കൃത്യമായി ചെയ്യുന്നവരുടെ ഒപ്പം തന്നെ ഇത്തരം | | |

| | | | |
|---|---|---|---|
| | ആരോഗ്യപ്രശ്നങ്ങളുള്ളവരുടെ ശമ്പള തുകയും വിവേചന മില്ലാതെ നല്കാനുള്ള നടപടിക്ക് നിർദ്ദേശിക്കുമോ; ആയത് വരും മാസം മുതൽ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ആവശ്യമായ സജ്ജീകരണങ്ങളേർപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**